ഉത്തരം

(എ-ഡി) ജനസൗഹൃദ പൂർണ്ണമായും വൃത്തിയും വെടിപ്പും നല്ല വെളിച്ചവുമുള്ള പരിസരങ്ങളിൽ ജനങ്ങൾക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളായ കാത്തിരിപ്പ് കേന്ദ്രം, ശുചിമുറികൾ, ശുദ്ധമായ കുടിവെള്ളം ജനങ്ങളെ സ്വീകരിക്കാൻ റിസപ്ഷനിസ്റ്റ്, കമ്പ്യൂട്ടർ സംവിധാനം എന്നിവയും വനിത പോലീസുകാർക്കാവശ്യമായ പ്രത്യേക മുറികൾ, കോൺസ്റ്റബിൾമാർക്ക് റെസ്റ്റ്റൂം സി.സി.ടി.വി. ആയുധങ്ങൾ, സൂക്ഷിക്കാൻ പ്രത്യേക മുറികൾ, റെക്കോർഡ് റൂം, വയർലെസ് സംവിധാനങ്ങൾ, പൊതുജനങ്ങൾക്കു പരാതി നൽകാൻ ആട്ടോമേറ്റഡ് കിയോസ്ക്സ് എന്നിവയും സ്മാർട്ട് പോലീസ് സ്റ്റേഷനിലുണ്ടാകും. കേന്ദ്ര ആഭ്യന്തര മന്ത്രാലയവും സംസ്ഥാന സർക്കാരും ആലോചിച്ചു തീരുമാനിക്കുന്ന പ്രകാരം, വരുന്ന സാമ്പത്തിക വർഷം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ സ്മാർട്ട് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതാണ്.

അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

195 (200) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷനുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) വാഹനാപകടങ്ങളും ട്രാഫിക് കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നതും ഗതാഗത കുരുക്കും കണക്കിലെടുത്ത് അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യത്തിന് പ്രഥമ പരിഗണന നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റ് തയ്യാറാക്കിയ ശേഷം മാത്രം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചാൽ മതിയെന്ന് സർക്കാർ തത്ത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ റിപ്പോർട്ട് ലഭിച്ച ശേഷം ആവശ്യമെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly